സംസ്ഥാനത്ത് നിലവിലുള്ള ഗവൺമെന്റ് കൃഷി തോട്ടങ്ങൾ

18 (*704) ശ്രീ. ഡി. സുഗതൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഗവൺമെന്റ് കൃഷിത്തോട്ടങ്ങളുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയിൽ പ്രയോജനപ്രദമായി ഉപയോഗിക്കുന്നവ എത്രയെണ്ണം ഉണ്ട് ;

(സി) പഞ്ചായത്തിരാജ് നിയമമനുസരിച്ച് ഇവയിൽ ഏതെങ്കിലും ത്രിതലപഞ്ചായത്തുകൾക്ക് കൈമാറേണ്ടതുണ്ടോ ; ഉണ്ടെങ്കിൽ എത്രയെണ്ണം എന്ന് വെളിപ്പെടുത്തുമോ ;

(ഡി) അവ ത്രിതല പഞ്ചായത്തുകൾക്ക് കൈമാറിക്കഴിഞ്ഞുവോ ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(എഫ്) ഇപ്പോൾ ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള കൃഷിത്തോട്ടങ്ങൾ മെച്ചപ്പെട്ട രീതിയിൽ വിനിയോഗിക്കാനുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) 61 കൃഷിത്തോട്ടങ്ങളുണ്ട്.

(ബി) എല്ലാ കൃഷിത്തോട്ടങ്ങളും പ്രയോജനപ്രദമായി ഉപയോഗിച്ചു വരുന്നു.

(സി) ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്നതോടെ പ്രത്യേക വിഭാഗത്തിലെ 10 കൃഷിത്തോട്ടങ്ങൾ ഒഴികെ ബാക്കി 51 ഫാമുകൾ ജില്ലാ പഞ്ചായത്തിന്റെ മേൽനോട്ടത്തിനായി വിട്ടുകൊടുത്തിട്ടുണ്ട്.

(ഡി&ഇ) കൈമാറ്റം ചെയ്തിട്ടുണ്ട്.

(എഫ്) ഓരോ ഫാമിന്റെയും സമഗ്രവികസനം ലക്ഷ്യം വച്ചുകൊണ്ട് ഓരോ പെർസ്പെക്ടീവ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. 2002-2003 മുതൽ അഞ്ചു വർഷമായി നടപ്പിലാക്കേണ്ട പദ്ധതികളടങ്ങിയ പ്ലാൻ, ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കി വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly